# <u>പത്രക്കുറിപ്പ്</u>

കാറ്റഗറി നം. 567/13 പ്രകാരം വിവിധ വകുപ്പുകളിലെ LGS തസ്തികയുടെ 25.05.2015 -ൽ പ്രസിദ്ധീകരിച്ച സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ OTR പ്രമാണ പരിശോധന സംബന്ധിച്ച പട്ടിക ഇതിനോടകം തന്നെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത SMS, പ്രൊഫൈലിലും, മൊബൈലിലും ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ claim ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളും സ്കാൻ ചെയ്ത് വിജയകരമായി upload ചെയ്തതിനു ശേഷം, പി.എസ്.സി യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ടൈംടേബിൾ പ്രകാരം കൃത്യസമയത്തും, തീയതിയിലും ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ പ്രമാണങ്ങളുടെ അസ്സൽ സഹിതം OT വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. ആവശ്യമായ പ്രമാണങ്ങൾ ന്യൂനതരഹിതമായി upload ചെയ്തിട്ടുള്ളവർക്ക് മാത്രമേ Scheduled date-ൽ പ്രമാണ പരിശോധന നടത്തുകയുള്ളൂ. സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ ഇതിനോടകം ഏതെങ്കിലും തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒ.ടി.ആർ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളവരെ മേൽ തസ്തികയുടെ വെരിഫിക്കേഷനായി കമ്മീഷന്റെ ആഫീസിൽ നേരിട്ട് ഹാജരാകുവാനുള്ളവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം ഒഴിവാക്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗാർത്ഥികൾ വീണ്ടും വെരിഫിക്കേഷനു ഹാജരാകേണ്ടതാണെന്ന് കമ്മീഷനു ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരം ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകം അറിയിപ്പ് നൽകുന്നതാണ്.